Starred Questions posted for Answer on 7th March 1951

വനഭാഗം

*നമ. 0. (എ) ശ്രീ. ടി. ടി. കേശവൻശാസ്ത്രി: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട വനംവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) പത്തനംതിട്ട താലൂക്കിൽ റാന്നി റേഞ്ചിൽപ്പെട്ട വനഭാഗം കഴിവാക്കി കാളകൈസേഷൻ സ്കീം അനുസരിച്ചു പൊതുജനങ്ങൾക്കു നല്കാൻ ആലോചിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത ആലോചന എന്നത്തേക്കു നടപ്പിൽവരും;

(സി) ഇവിടെ സ്ഥലവും സൗകര്യവും ലഭിക്കുന്നതിലേക്കു ഹരിജനങ്ങളിൽനിന്നും അപേക്ഷകളും അഭ്യർത്ഥനകളും ലഭിച്ചിട്ടുണ്ടോ?

ചീഫ് മിനിസ്റ്റർ (ശ്രീ. സി. കേശവൻ):

(എ) ഉദ്ദേശം ൧,൫൦൦ ഏക്കർ വിസ്തീർണ്ണംവരുന്ന റാന്നി എക്സ്റ്റൻഷൻ റിസർവ് കാളകൈസേഷനു കൊടുക്കാൻ തീരുമാനിച്ചിട്ടുണ്ടു്.

(ബി) വില്ലനക്കുള്ള തടികൾ വെട്ടി നീക്കം ചെയ്യുന്നതിനുള്ള ജോലികൾ ആരംഭിച്ചിട്ടുണ്ടു്. ടി ജോലി ഈ വർഷം അന്ത്യത്തോടുകൂടി പൂർത്തിയാകുമെന്നു പ്രതീക്ഷിക്കപ്പെടുന്നു. ഇതു കഴിഞ്ഞു സ്ഥലം കൃഷിക്കു കൊടുക്കാൻ സാധിക്കും.

(സി) ഉണ്ടു്.

അവശസമുദായക്കാർക്കു് ഈയർമാർക്കു് ചെയ്ത സ്ഥലങ്ങൾ

*നമ ൧. (ഫ) ശ്രീ. ടി. ടി. കേശവൻശാസ്ത്രി: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ധനകാര്യവും റവന്യൂവും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) വിളവംകോട് താലൂക്കിൽ കളിയിൽ പകുതിയിൽ പിന്നോക്കസമുദായക്കാർക്കു് സൗജന്യ നിരക്കിൽ പതിച്ചുനല്കാൻ സർക്കാർ സ്ഥലങ്ങൾ ഈയർമാർക്കു ചെയ്യപ്പെട്ടിട്ടുണ്ടായിരുന്നോ;

(ബി) ഉണ്ടായിരുന്നെങ്കിൽ അതു് ഏതെല്ലാം സർവേ നമ്പരുകളിൽ ആയിരുന്നു;

(സി) പ്രസ്തുത സർവേ നമ്പരുകളിൽ നിർദ്ദേശിച്ചിരുന്ന ഏക്കർ സെൻറുകൾ യഥാക്രമം എങ്ങിനെയായിരുന്നു;

(ഡി) ഇതിൽ ഏതെല്ലാം സ്ഥലങ്ങളിൽ എത്രയെത്ര സ്ഥലങ്ങൾ സൗജന്യമായി പതിച്ചുനല്കി?

ചീഫ് മിനിസ്റ്റർ (ശ്രീ. സി. കേശവൻ):

(എ) ഉണ്ടായിരുന്നു.

(ബി, സി, ഡി) വിവരങ്ങൾ അടങ്ങിയ ലിസ്റ്റ് മേശപ്പുറത്തു വച്ചിട്ടുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly